എഫ്6/38037/2022

മുനിസിപ്പൽ കോർപ്പറേഷൻ ഓഫീസ്,
കോഴിക്കോട്, തിയ്യതി. 21.05.2022

നഗരസഭയിലെ ഹരിതകർമ്മസേനകൾ വിവിധ വാർഡുകളിൽ ശേഖരിച്ച് സൂക്ഷിച്ചിട്ടുള്ള അജൈവ പാഴ്‌വസ്തുക്കൾ ഒറ്റത്തവണയായി നീക്കം ചെയ്യുന്നതിന് സർക്കാർ അംഗീകാരമുള്ളവരും പരിചയ സമ്പന്നരുമായ ഏജൻസികളിൽനിന്നും /വ്യക്തികളിൽ നിന്നും താൽപ്പര്യപത്രം ക്ഷണിക്കുന്നു.

1. വിവിധ വാർഡുകളിൽ നിന്നും ഹരിതകർമസേന ശേഖരിച്ച് സൂക്ഷിച്ചുവച്ചിരിക്കുന്ന അജൈവ പാഴ്‌വസ്തുകൾ ശാസ്ത്രീയമായി നീക്കം ചെയ്യുന്നതിന് സൗജന്യമായോ അല്ലെങ്കിൽ കിലോ ഗ്രാമിന് തുക ക്വാട്ട് ചെയ്തോ താൽപര്യപ്പത്രം സമർപ്പിക്കേണ്ടതാണ്.

2. മാലിന്യങ്ങൾ നീക്കം ചെയ്യേണ്ട വാഹനങ്ങളും തൊഴിലാളികളെയും കരാർ ലഭിക്കുന്ന ഏജൻസി / വ്യക്തി സ്വന്തം നിലയിൽ/ ചെലവിൽ ഏർപ്പാട് ചെയ്യേണ്ടതാണ്. ജി.പി.എസ് സംവിധാനം ഏർപ്പെടുത്തിയ വാഹനങ്ങളിൽ മാത്രമേ അജൈവ പാഴ്‌വസ്തുക്കൾ നീക്കം ചെയ്യാൻ പാടുള്ളൂ.

3. ശുചിത്വമിഷൻ, പി.സി.ബി മറ്റ് സർക്കാർ ഏജൻസികളിൽ നിന്നും ആവശ്യമായ അനുമതി ഉള്ളവർ മാത്രമേ അപേക്ഷിക്കേണ്ടതുള്ളൂ. പ്രസ്തുത മേഖലയിൽ കുറഞ്ഞത് 3 വർഷത്തെ പ്രവർത്തന പരിചയം ആവശ്യമാണ്.

4. പങ്കെടുക്കുന്നവർ 10000/–രൂപ ഇം.എം.ഡി. ക്യാഷ്/ഡി.ഡി സമർപ്പിക്കേണ്ടതാണ്.

5. താൽപ്പര്യപത്രം 27-05-2022 ന് 3 മണിക്കകം കോർപ്പറേഷൻ ഓഫീസിൽ സമർപ്പിക്കേണ്ടതാണ്.

6. തെരഞ്ഞെടുക്കുന്നവർ നിബന്ധനകൾക്ക് വിധേയമായി കരാർ ചമയ്ക്കേണ്ടതും നിബന്ധനകൾക്ക് വിധേയമായി പ്രവർത്തിക്കേണ്ടതുമാണ്.

സെക്രട്ടറി
കോഴിക്കോട് മുനിസിപ്പൽ കോർപ്പറേഷൻ

Scanned with CamSc

മുനിസിപ്പൽ കോർപ്പറേഷൻ ഓഫീസ്,
കോഴിക്കോട്, തിയ്യതി. 21.05.2022

എഫ്6/1277/20

നഗരസഭയുടെ വിവിധ വാർഡുകളിൽ നിന്ന് ഹരിതകർമ്മസേന ശേഖരിച്ച് ഞെളിയൻപറമ്പിലെ എം.സി.എഫിൽ സൂക്ഷിക്കുന്ന അജൈവ പാഴ്വസ്തുക്കൾ തരം തിരിച്ച് ശാസ്ത്രീയമായി സംസ്ക്കരിക്കുന്നതിലേക്കായി കൈമാറ്റം ചെയ്യുന്നതിന് സർക്കാർ അംഗീകാരമുള്ള പരിചയസമ്പന്നരായ ഏജൻസികളെ / വ്യക്തികളെ തിരയുന്നു.

<u>നിബന്ധനകൾ</u>:

1. നഗരസഭയുടെ ഉടമസ്ഥതയിലുള്ള ഞെളിയൻപറമ്പിലെ 318$m^2$ ഏരിയ വരുന്ന കെട്ടിടം അജൈവ പാഴ്വസ്തുക്കൾ സംഭരിച്ച് തരം തിരിക്കുന്നതിനായി നൽകുന്നതാണ്. ആവശ്യമായ വൈദ്യുതി, വെള്ളം എന്നിവയുടെ തുക ഏറ്റെടുക്കുന്നവർ അടക്കേണ്ടതാണ്. കെട്ടിടത്തിന്റെ വാടക, സെക്യൂരിറ്റി ഡെപ്പോസിറ്റ് എന്നിവ സംരംഭകൻ നഗരസഭക്ക് നൽകേണ്ടതും ആയത് ക്വാട്ട് ചെയ്യേണ്ടതുമാണ്.

2. ഹരിതകർമ്മസേനാംഗങ്ങൾ ശേഖരിച്ചു കൊണ്ടുവരുന്ന അജൈവപാഴ്വസ്തുക്കൾ അന്നേദിവസം തന്നെ തരം തിരിക്കേണ്ടതാണ് (പുനരുപയോഗം ചെയ്യാൻ കഴിയുന്നവയും അല്ലാത്തവയും എന്നരീതിയിൽ). തരം തിരിക്കുന്ന മാലിന്യങ്ങൾ പരമാവധി 3 ദിവസത്തിനകം എം.സി.എഫിൽ നിന്നും നീക്കം ചെയ്യേണ്ടതാണ്.

3. എം.സി.എഫിൽ ശേഖരിക്കുന്ന അജൈവ പാഴ്വസ്തുക്കൾ ഏജൻസിക്ക് സൗജന്യമായി ഏറ്റെടുക്കാവുന്നതാണ്.

   അല്ലാത്തപക്ഷം

4. പുനരുപയോഗം ചെയ്യാൻ കഴിയുന്നവ ബന്ധപ്പെട്ട ഏജൻസിക്ക് ഏറ്റെടുക്കാവുന്നതും ഓരോ ഇനത്തിനും തരംതിരിച്ച് നഗരസഭയ്ക്ക് നൽകാൻ കഴിയുന്ന തുക ക്വാട്ട് ചെയ്യേണ്ടതുമാണ്.(കിലോ ഗ്രാമിന്)

5. പുനരുപയോഗം ചെയ്യാൻ കഴിയാത്തവ ബന്ധപ്പെട്ട ഏജൻസി നീക്കം ചെയ്യേണ്ടതും ആയതിന് തുക ആവശ്യമെങ്കിൽ നഗരസഭ ഏജൻസിക്ക് നൽകുന്നതുമാണ്. പ്രസ്തുത തുക ബന്ധപ്പെട്ട ഏജൻസി ക്വാട്ട് ചെയ്യേണ്ടതാണ് (കിലോ ഗ്രാമിന്).

6. താൽപ്പര്യപത്രം സമർപ്പിക്കേണ്ട അവസാന തിയ്യതി 27.05.2022 ന് വൈകുന്നേരം 3 മണിവരെയാണ്.

Scanned with CamSc

7. ഈ മേഖലയിൽ കുറഞ്ഞത് 3 വർഷത്തെ പരിചയം ആവശ്യമാണ്. ശുചിത്വമിഷന്റെ അക്രിഡിറ്റേഷൻ, മലിനീകരണ നിയന്ത്രണ ബോർഡ് തുടങ്ങിയ മറ്റു സർക്കാർ ഏജൻസികളിൽ നിന്നും ആവശ്യമായ അനുമതി ഏജൻസി വാങ്ങേണ്ടതാണ്.

8. പങ്കെടുക്കുന്നവർ ഡി.ഡി/ക്യാഷ്/ ബാങ്ക് ഗ്യാരണ്ടി ഇനത്തിൽ 10000/- രൂപ നഗരസഭ ട്രഷറിയിൽ ഡെപ്പോസിറ്റ് ചെയ്യേണ്ടതാണ്.

9. തെരഞ്ഞെടുക്കപ്പെടുന്നവർ കരാർ ചമയ്ക്കേണ്ടതും, കരാർ നിബന്ധനകൾ പാലിക്കേണ്ടതും അല്ലാത്തപക്ഷം കരാർ റദ്ദ് ചെയ്യുന്നതിന് കൗൺസിലിന് അധികാരമുണ്ടായിരിക്കുന്നതുമാണ്.

സെക്രട്ടറി
കോഴിക്കോട് മുനിസിപ്പൽ കോർപ്പറേഷൻ

ജി.എം. 19.05.22

Scanned with CamSc